# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2019 നവംബർ 12

# വാർത്താക്കുറിപ്പ്

## പ്രാക്ടിക്കൽ

അഞ്ചാം സെമസ്റ്റർ ബി.എഫ്.റ്റി./ബി.എസ്‌സി. അപ്പാരൽ ആന്റ് ഫാഷൻ ഡിസൈൻ (സി.ബി.സി.എസ്. - 2017 അഡ്മിഷൻ റഗുലർ, സി.ബി.സി.എസ്.എസ്.- 2013-2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ നവംബർ 18 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ/39/2006/2019)

## പരീക്ഷഫലം

2019 ജൂലൈയിൽ നടന്ന നാലാം സെമസ്റ്റർ ബി.പി.ഇ.എസ്. (2016 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 26 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/2006/2019)

2019 ജൂണിൽ നടന്ന മൂന്നാം വർഷ ബി.എസ്‌സി. മെഡിക്കൽ ലബോറട്ടറി ടെക്‌നോളജി (എം.എൽ.റ്റി. - സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 27 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/2006/2019)

## മഹാത്മാ ഗാന്ധി സർവകലാശാല ജനറൽ കൗൺസിൽ പുനസംഘടിപ്പിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയിലെ 2018-2019 ജനറൽ കൗൺസിൽ പുനസംഘടിപ്പിച്ചു. ഇതിൽ നിന്നും സർവകലാശാല യൂണിയനിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ വിജ്ഞാപനം നവംബർ 16ന് പ്രസിദ്ധീകരിക്കും. നവംബർ 28ന് നടക്കുന്ന തെരഞ്ഞെടുപ്പിനുള്ള പ്രാഥമിക വോട്ടർപട്ടിക സർവകലാശാല വെബ്‌സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പട്ടികയിൽ പേരില്ലാത്ത കൗൺസിലർമാർ നവംബർ 19ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷകൾ കോളേജ് പ്രിൻസിപ്പലിന്റെ സാക്ഷ്യപ്പെടുത്തലോടെ സമർപ്പിക്കണം.

(പി.ആർ.ഒ/39/2006/2019)

## 'സോഫ്റ്റ് പവർ ഇൻ ഇന്ത്യ-റഷ്യ റിലേഷൻസ്'; പ്രത്യേക പ്രഭാഷണം ഇന്ന് (നവംബർ 14)

മഹാത്മാ ഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്‌സും ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കണ്ടംപററി ചൈനീസ് സ്റ്റഡീസും സംയുക്തമായി സംഘടിപ്പിക്കുന്ന പ്രത്യേക പ്രഭാഷണം ഇന്ന് (നവംബർ 14) രാവിലെ 11ന് നടക്കും. ഡൽഹി ജവഹർലാൽ നെഹ്രു യൂണിവേഴ്‌സിറ്റിയിലെ അസോസിയേറ്റ് പ്രൊഫസറായ കെ.ബി. ഉഷ 'സോഫ്റ്റ് പവർ ഇൻ ഇന്ത്യ-റഷ്യ റിലേഷൻസ്' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തും.

(പി.ആർ.ഒ/39/2007/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ

**"മെച്ചപ്പെട്ട ഭരണനിർവഹണത്തിനും നയരൂപവത്ക്കരണത്തിനും പ്രഥമ പരിഗണന പൊതുജനങ്ങൾക്കായിരിക്കണം".ഡോ. സാമുവേൽ ജോൺ**.

ജനാധിപത്യ സർക്കാരുകൾ നിയന്ത്രിത പരീക്ഷണ ശാലകളിലെ സാമൂഹ്യ- അവലോകനത്തെക്കാൾ അടിസ്ഥാനമാക്കേണ്ടത് പൊതുജനങ്ങളെ ആയിരിക്കണം. ഭരണകർത്താക്കൾ, ഉദ്യോഗസ്ഥമേധാവികൾ ,നിയമവിദഗ്ധർ എന്നിവർ ജനങ്ങളിൽ നിന്നും വഴിമാറി ഭരണനിർഹണവും നയരൂപവത്കരണവും നടത്തുന്നതു അധികാരമേൽക്കോയ്മയുണ്ടാക്കുമെന്നും വികസന മുരടിപ്പിന് ആക്കം കൂട്ടുമെന്നും യു .എൻ. ഡി.പി. ആഗോള ജനാധിപത്യ ഭരണനിർവഹണത്തലവൻ സാമുവേൽ ജോൺ പറഞ്ഞു.

മഹാത്മാ ഗാന്ധി സർവകലാശാലയിലെ കെ .എൻ. രാജ് സെന്റർ ഫോർ പ്ലാനിംഗ് ആൻഡ് സെന്റർ സ്റ്റേറ്റ് റിലേഷൻസും ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആൻഡ് എക്സ്റ്റൻഷനും സംയുംക്തമായിസംഘടിപ്പിച്ച 'ഭരണനിർഹണവും നയരൂപവത്ക്കരണവും' എന്ന പ്രഭാഷണ പരിപാടിയിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യയിലെ ഭരണനിർഹണ- നയരൂപവത്കരണ സംവിധാനങ്ങളുടെ പോരായ്മകൾ വിശകലനം നടത്തിയും ആഗോള ജനാധിപത്യ ഭരണനിർവഹണരംഗത്തെ നൂതന പ്രവണതകൾ പരാമർശിച്ചും രാജ്യവികസനത്തിനുള്ള മാർഗ്ഗങ്ങൾ അദ്ദേഹം വിശദീകരിച്ചു.

സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സ് ഡിപ്പാർട്മെന്റിൽ നടന്ന പ്രഭാഷണ പരിപടിയിൽ പ്രൊഫ്. (ഡോ .) കെ .എം.സീതി , പ്രൊഫ്. (ഡോ .) മാത്യു കുര്യൻ , ഡോ . അജയ് .എം. ജി , ഡോ . എസ്. മുരളിധൻ എന്നിവർ പങ്കെടുത്തു .

പി .ഡി. ഹിൽസ്

13-11-2019.